"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് - തൃശ്ശൂർ ജില്ല ട്രഷറിയിൽ ഉള്ള കെഎസ്എഫ്ഇ-യുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക വയനാട് ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട നിരാലംബരുടെ പുനരധിവാസത്തിനായി വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.28/2025/TAXES തീയതി,തിരുവനന്തപുരം, 22-03-2025

---

പരാമർശം:-
1. 22.08.2019 ലെ സ.ഉ.(സാധാ) നം.593/2019/നികുതി
2. 18.06.2020 ലെ സ.ഉ(സാധാ) നം..408/2020/നികുതി
3. കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടറുടെ 23.12.2024 ലെ 8438/CMDRF നമ്പർ കത്ത്

**ഉത്തരവ്**

2018 ൽ കേരളത്തിലുണ്ടായ മഹാപ്രളയത്തിൽപ്പെട്ട ദുരിതബാധിതരെ സഹായിക്കുന്നതിലേക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കമ്പനി ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളമായ ₹35,99,67,713/-(മുപ്പത്തഞ്ച് കോടി തൊണ്ണൂറ്റൊൻപത് ലക്ഷത്തി അറുപത്തേഴായിരത്തി എഴുനൂറ്റിപതിമൂന്ന് രൂപ മാത്രം) സംഭാവന നൽകിയിരുന്നുവെന്നും ഈ തുക മുഴുവനായും ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ 12 പഞ്ചായത്തുകളിൽ പ്രളയപ്രതിരോധ ശേഷിയുള്ള കമ്മ്യൂണിറ്റി ഷെൽട്ടർ ഹാളുകൾ പണിത് നല്കുന്നതിനായി ഉപയോഗപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തൃശൂർ ജില്ല ട്രഷറിയിൽ ഉള്ള കെ.എസ്.എഫ്.ഇ.-യുടെ TP അക്കൗണ്ടിലേക്ക് പരാമർശം (1) പ്രകാരം തിരികെ നൽകുകയുണ്ടായിയെന്നും, എന്നാൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ഉപേക്ഷിക്കേണ്ടതായി വന്നതായും, പിന്നീട് കോവിഡ് മഹാമാരി ഉണ്ടായ സമയത്ത് പരാമർശം (2) പ്രകാരം പ്രസ്തുത തുകയിൽ നിന്നും ₹5,71,28,420/-(അഞ്ച് കോടി എഴുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി നാനൂറ്റിയിരുപത് രൂപ മാത്രം) ചിലവഴിച്ച് സർക്കാരിന്റെ "വിദ്യസഹായി" പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി വിതരണം ചെയ്യുകയുണ്ടായിയെന്ന് കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിരിക്കുന്നു. 31.03.2024 ലെ കണക്കനുസരിച്ച് തൃശ്ശൂർ ജില്ല ട്രഷറിയിൽ ഉള്ള കെ.എസ്.എഫ്.ഇ.-യുടെ അക്കൗണ്ടിൽ "വിദ്യസഹായി" പദ്ധതിക്കായി

₹5,71,28,420/-(അഞ്ച് കോടി എഴുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി നാനൂറ്റിയിരുപത് രൂപ മാത്രം) ചെലവഴിച്ച ശേഷം മിച്ചം വന്ന ₹30,28,39,293/-(മുപ്പത് കോടി ഇരുപത്തെട്ട് ലക്ഷത്തി മുപ്പൊത്തൊൻപതിനായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) രൂപക്ക് 31.03.2024 വരെയുള്ള പലിശ ഇനത്തിൽ ലഭിച്ച ₹12,01,42,877/-(പന്ത്രണ്ട് കോടി ഒരു ലക്ഷത്തി നാല്പത്തിരണ്ടായിരത്തി എണ്ണൂറ്റി എഴുപത്തേഴ് രൂപ മാത്രം) രൂപയടക്കം ₹42,29,82,170/-(നാല്പത്തിരണ്ട് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എൺപത്തിരണ്ടായിരത്തി നൂറ്റി എഴുപത് രൂപ മാത്രം) നിലവിലുണ്ടെന്നും, വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 10.09.2024 തിയതിയിൽ ചേർന്ന കമ്പനി ഡയറക്ടർ ബോർഡ് യോഗം ഈ ഫണ്ട് ഉപയോഗപ്പെടുത്തികൊണ്ട് വീടുകൾ നഷ്ടപ്പെട്ട നിരാലംബരെ സഹായിക്കാനായി 'Multi-purpose Shelter Home' നിർമ്മിച്ചുനൽകുവാൻ തീരുമാനമെടുത്തിട്ടുണ്ടെന്നും, ഇതിലേക്കായി സ്ഥലം കണ്ടെത്തി നല്കുന്നതിനാവശ്യമായ നടപടികളും ഇതിനാവശ്യമായ നിർദ്ദേശങ്ങളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ. പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരാമർശം (1) ഉത്തരവ് പ്രകാരം, തൃശ്ശൂർ ജില്ല ട്രഷറിയിൽ ഉള്ള കെ.എസ്.എഫ്.ഇ.-യുടെ TP അക്കൗണ്ടിലേക്ക് തിരികെ നൽകിയ ₹35,99,67,713/- (മുപ്പത്തഞ്ച് കോടി തൊണ്ണൂറ്റൊൻപത് ലക്ഷത്തി അറുപത്തേഴായിരത്തി എഴുനൂറ്റിപതിമൂന്ന് രൂപ മാത്രം) രൂപയിൽ നിന്നും "വിദ്യസഹായി" പദ്ധതിക്കായി ₹5,71,28,420/-(അഞ്ച് കോടി എഴുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി നാനൂറ്റിയിരുപത് രൂപ മാത്രം) ചെലവഴിച്ച ശേഷം മിച്ചം വന്ന ₹30,28,39,293/-(മുപ്പത് കോടി ഇരുപത്തെട്ട് ലക്ഷത്തി മുപ്പൊത്തൊൻപതിനായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) രൂപക്ക് പലിശ ഇനത്തിൽ ലഭിച്ച തുകയടക്കം, തൃശ്ശൂർ ജില്ല ട്രഷറിയിൽ ഉള്ള കെ.എസ്.എഫ്.ഇ.-യുടെ 713010200000800 നമ്പർ TP അക്കൗണ്ടിൽ നിലവിൽ നീക്കിയിരിപ്പുള്ള തുക വയനാട് ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട നിരാലംബരുടെ പുനരധിവാസത്തിനായി വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ K
ജോയിന്റ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്, തൃശ്ശൂർ
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
4. ധനകാര്യ (ഫണ്ട്സ്) വകുപ്പ് (25.01.2025ലെ 2873605/ഫണ്ട്സ്-4/43/2024/ധന നമ്പർ

അനൗദ്യോഗിക കുറിപ്പ്)

5. റവന്യു (ഡി.ആർ.എഫ്-എ) വകുപ്പ്
6. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (H2/289/2024-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Babu. G
Date: 24-03-2025 09:47:38
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്